# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തഴവ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: ksa/klm/p8 .493 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തഴവ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: ksa/klm/p8 .493 /2021 തീയ്യതി: 20/03/2021

## കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-06-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.സൈമൺ | ഡെപ്യൂട്ടി ഡയറക്ടർ | 27-02-2021 | 09-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-02-2021 | 09-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രീത എസ്.എസ് (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. സോണിയ സെബാസ്റ്റിൻ (അസി.ഓഡിറ്റ് ഓഫീസർ),
ശ്രീ.അരുൺജിത്ത്. ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി. ദിവ്യ.ജെ (ഓഡിറ്റർ)
ശ്രീമതി. ജമീലബീവി.എം (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത.എസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ഷാനവാസ് | സെക്രട്ടറി | 01-04-2019 | 11-07-2019 |
| ശ്രീ.ജനചന്ദ്രൻ | സെക്രട്ടറി | 12-07-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജസീന | അസി.എഞ്ചിനീയർ | 01-04-2019 | 22-10-2019 |
| ശ്രീമതി സലില | അസി.എഞ്ചിനീയർ | 23-10-2019 | 15-11-2019 |
| ശ്രീ.ചന്ദ്രദാസ് | അസി.എഞ്ചിനീയർ | 16-11-2019 | 31-03-2020 |
| ശ്രീമതി റോസാലിന്റ് | കൃഷി ഓഫീസർ | 01-04-2019 | 01-11-2019 |
| ശ്രീ.നൗഷാദ്.കെ | കൃഷി ഓഫീസർ | 02-11-2019 | 08-12-2019 |
| ശ്രീമതി അജ്മി | കൃഷി ഓഫീസർ | 09-12-2019 | 31-03-2020 |
| ശ്രീമതി ഷീബ.കെ.റ്റി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി പത്മജാദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 19-03-2020 |
| ശ്രീ.അനിയൻ എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-03-2020 | 31-03-2020 |
| ശ്രീ.ചന്ദ്രപ്പൻ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജാസ്മിൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ബീന കണ്ടപ്പശ്ശേരിൽ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 30-08-2019 |
| ഡോ.രശ്മി.വി.എൻ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 30-08-2019 | 29-10-2019 |
| ഡോ.ജാകലിൻ.എം | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 29-10-2019 | 01-02-2020 |
| ഡോ.ബിന്ധു | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 02-02-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ശോഭകുമാരി | ഹെഡ്മിസ്ട്രസ്,എൽ.പി.എസ് | 01-04-2019 | 02-06-2019 |
| ശ്രീമതി ബീന | ഹെഡ്മിസ്ട്രസ്,എൽ.പി.എസ് | 03-06-2019 | 31-03-2020 |
| ഡോ.പ്രമോദ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.വീനസ് മാർസെലിൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രി. റംഷാദ് | അസി. സെക്രട്ടറി | 01-04-2019 | 22-07-2019 |
| ശ്രീമതി ഗീതാമണിയമ്മ.ജി | അസി. സെക്രട്ടറി | 12-07-2019 | 31-03-2020 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S.S.Preetha (Audit Officer, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകങ്ങൾ<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Divya J (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4 |
| 6 | വികസനഫണ്ട്(എസ്.സി.പി)2173645/-രൂപ ലാപ്സായി<br>Written By: Divya J (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4.1 |
| 7 | ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)11863404/-രൂപ ലാപ്സായി<br>Written By: Divya J (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4.2 |
| 8 | മെയിന്റനൻസ് ഫണ്ട്(റോഡ്)7957282/-രൂപ ലാപ്സായി<br>Written By: Divya J (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4.3 |
| 9 | മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)2831383/- രൂപ ലാപ്സായി<br>Written By: Divya J (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4.4 |
| 10 | കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം- ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Divya J (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-4.5 |
| 11 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-6 |
| 13 | ക്ഷേമപെൻഷൻ<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-7 |
| 14 | ക്യാഷ് പരിശോധന<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-8 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: S.S.Preetha (Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.S.Preetha (Audit Officer, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-10 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. | 1-11 |

| | | |
|---|---|---|
| | Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | |
| 18 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 115868/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 08-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-12 |
| 19 | തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്ററർ ലഭ്യമായിട്ടില്ല.<br>Written By: S.S.Preetha (Audit Officer, On 08-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-13 |
| 20 | എസ്എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Jameela Beevi M (Auditor, On 09-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-14 |
| 21 | 10-ാം തരം, 12-ാം തരം തുല്യതാ പരീക്ഷകളുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Jameela Beevi M (Auditor, On 09-03-2021)<br>Last Updated By: Jameela Beevi M (Auditor, On 11-03-2021) | 1-15 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി-രേഖകളുടെ അഭാവത്തിൽ 625000/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-16 |
| 23 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അനുവദിച്ചതിൽ നാളിതുവരെ ചെലവഴിക്കാത്ത തുക തിരികെ ഒടുക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധം.<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-17 |
| 24 | മരുന്നുകൾ യഥാസമയം സ്റ്റോക്കിലെടുത്തില്ല.<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-18 |
| 25 | തെരുവ് വിളക്കുകളുടെ പരിപാലനത്തിനം- മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. .<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-19 |
| 26 | നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-20 |
| 27 | കുടുംബശ്രീ മൈക്രോ സംരംഭം-അധിക നിരക്കിൽ സബ്സിഡി നൽകി-21825/- രൂപ നിരാകരിക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-21 |
| 28 | പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 8,48,476/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-22 |
| 29 | പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 116,000/-രൂപയുടെ ചെലവ് | 1-23 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | |
| 30 | നിക്ഷേപപ്രവൃത്തിയുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-23-1 |
| 31 | വനിതകൾക്ക് യോഗ പരിശീലനം-പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: Divya J (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-24 |
| 32 | സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-25 |
| 33 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല.<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 1-25-1 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അധിക നിരക്കിൽ സബ്സിഡി നൽകി-21,825/ രൂപ നിരാകരിക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jameela Beevi M (Auditor, On 10-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jameela Beevi M (Auditor, On 11-03-2021)<br>Last Updated By: Naseer S (Computer Assistant, On 20-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധം 3 | |

## ഭാഗം -1

### 1-1 ബജറ്റ്

14-02-2019 തീയതിയിലെ ll തീരുമാനപ്രകാരം അംഗീകരിച്ചു.

പുതുക്കിയ ബജറ്റ് 25-02-2020 തീയതിയിലെ I-ാം നം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 20-04-2020 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകങ്ങൾ

1)ഡെപ്പോസിറ്റ് വർക്കിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 91,000/- രൂപയും പി . ഡബ്ളിയു . ഡി . യിൽ നിക്ഷേപിച്ച 2,54,000/- രൂപയും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2)സംയുക്തപ്രോജക്ടുകൾക്കുള്ള ബ്ലോക്ക് വിഹിതത്തിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 38,80,286/- രൂപ ചെലവുണ്ട് . എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 37,80,286/- രൂപയാണ്. 1,00,000/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല .

3)മൂന്ന് മാസത്തിലധികമായി പണമായി മാറാത്ത ചെക്ക് 'Stale Cheque' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.(ചെക്ക് നമ്പർ -37620/13-11-19 ,തുക- 2500/-,പണമായി മാറിയ തീയതി-01-09-20).

4)'Capital Work In Progress ' എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന 6,30,000/- രൂപയുടെ രേഖകൾ ഹാജരാക്കിയില്ല.

5)ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധ ഡെപ്പോസിറ്റുകളുടെ അബ്സ്ട്രാക്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വരവ് ,ചെലവ്,നീക്കിയിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല .

6)തൊഴിൽനികുതി -ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സ് കിട്ടാനുള്ള തുക കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കളക്ഷൻ തന്നെ ഡിമാന്റായി ഉൾപ്പെടുത്തിയിരിക്കയാണ്.

7)വസ്തുനികുതി കുടിശ്ശിക തുക ഡിമാന്റിനേക്കാൾ കൂടുതൽ കളക്ഷൻ വന്നിരിക്കുന്നു. (2018-2019 വർഷത്തെ എ.എഫ്.എസ്.B-15 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് കുടിശ്ശിക 2116/- രൂപയാണ്. എന്നാൽ തൻവർഷത്തെ എ.എഫ്.എസ്.-RP-43 പ്രകാരം കളക്ഷൻ 8557/- രൂപയാണ്). സാംഖ്യയിലെ തുകയും സഞ്ചയയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

8)ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ ആസ്തികളുടെ മൂല്യം ബോധ്യപ്പെട്ടിട്ടില്ല .
9)മാർച്ച് മാസത്തെ വാട്ടർചാർജ്, കറന്റ് ചാർജ് എന്നീ ഇനങ്ങളിൽ ഒടുക്കാനുള്ള തുക ബാലൻസ് ഷീറ്റിൽ ലയബിലിറ്റി ആയി ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25677439 |
| വരവ് | 110137992 |
| ആകെ | 135815431 |

| | |
|---|---|
| ചെലവ് | 106997655 |
| നീക്കിയിരിപ്പ് | 28817776 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 21,825/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,58,646/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 22878417 | 22878417 | 20951008 | 1927409 | 1927409/- രൂപ ലാപ്പ്സായി |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8959529 | 8959529 | 6785884 | 2173645 | 2173645/- രൂപ ലാപ്പ്സായി |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Tied) | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മിഷൻഗ്രാന്റ് (UnTied) | 0 | 17383285 | 17383285 | 5519881 | 11863404 | ACR പ്രകാരമുള്ള ചെലവ്-6067831/- രൂപ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ്-5519881/- രൂപ .വ്യത്യാസം-547950/- രൂപ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി പ്രോമിസറി നോട്ട് വച്ച് സർക്കാർ കരാറുകാരന് നൽകിയ തുക.2020-21 ൽ ടി തുക പഞ്ചായത്തിലേക്ക് അനുവദിക്കുകയും ട്രഷറി ബിൽ മാറി സർക്കാരിലേക്ക് നൽകുകയും ചെയ്തു |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 10953000 | 10953000 | 2995718 | 7957282 | 7957282/-രൂപ ലാപ്പ്സായി |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 7150000 | 7150000 | 4318617 | 2831383 | 2831383/- രൂപ ലാപ്സായി. |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ | 630000 | 15210969 | 15840969 | 15710969 | 130000 | പ്രത്യേക അക്കൗണ്ടിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | സൂക്ഷിച്ചിരിക്കുന്നു |
| ലിറ്ററസി ഗ്രാന്റ് | 274 | 8 | 282 | 0 | 282 | പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| കുടുംബശ്രീ | 1310179 | 0 | 1310179 | 0 | 1310179 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1718790 | 1896676 | 3615466 | 1071782 | 2543684 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| MNREGS | 6600 | 2181899 | 2188499 | 1581606 | 606893 | പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| ശുചിത്വമിഷൻ | 665640 | 0 | 665640 | 267075 | 398565 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| സമ്പൂർണ്ണശുചിത്വം | 25000 | 0 | 25000 | 14000 | 11000 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| സർവ്വ ശിക്ഷ അഭിയാൻ | 88576 | 0 | 88576 | 0 | 88576 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| ODF | 1731347 | 0 | 1731347 | 0 | 1731347 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| നിർമ്മൽ പുരസ്കാരം | 50301 | 0 | 50301 | 0 | 50301 | - |

ലഭ്യമായഗ്രാന്റുകളിൽ 26753123/- രൂപ ലാപ്സായി

| ഗ്രാന്റ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക |
|---|---|
| വികസനഫണ്ട്(എസ്.സി.പി) | 2173645/- |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Untied) | 11863404/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 7957282/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 2831383/- |
| വികസനഫണ്ട് (ജനറൽ) | 1927409/- |
| ആകെ | 26753123/- |

### 1-4.1 വികസനഫണ്ട്(എസ്.സി.പി)2173645/-രൂപ ലാപ്സായി

2019-20 വർഷം വികസനഫണ്ട്(എസ്.സി.പി) ഉപയോഗിച്ച് ഉല്പാദന സേവന പശ്ചാത്തല മേഖലകളിലെ 14 പ്രോജക്ടുകൾ ഏറ്റെടുത്തെങ്കിലും 3 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 67018678/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 6785884/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. ആകെ ലഭിച്ച 8959529 രൂപ യിൽ 2173645/-രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. ലഭ്യമാകുന്ന മുഴുവൻ തുകയും യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-4.2 ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)11863404/-രൂപ ലാപ്സായി

2019-20 വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied) ഉപയോഗിച്ച് ഉല്പാദന സേവന പശ്ചാത്തല

മേഖലകളിലെ 56 പ്രോജക്ടുകൾ ഏറ്റെടുത്തെങ്കിലും 30 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 25413244/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 5519881/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. ആകെ ലഭിച്ച 17383285 രൂപ യിൽ 11863404/-രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. ലഭ്യമാകുന്ന മുഴുവൻ തുകയും യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4.3 മെയിന്റനൻസ് ഫണ്ട്(റോഡ്)7957282/-രൂപ ലാപ്സായി

2019-20 വർഷം മെയിന്റനൻസ് ഫണ്ട്(റോഡ്) ഉപയോഗിച്ച് പശ്ചാത്തല മേഖലയിൽ 29 പ്രോജക്ടുകൾ ഏറ്റെടുത്തെങ്കിലും 20 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 13140853 /-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 2995718/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. ആകെ ലഭിച്ച 10953000/- രൂപയിൽ 7957282 /- രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. ലഭ്യമാകുന്ന മുഴുവൻ തുകയും യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4.4 മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)2831383/- രൂപ ലാപ്സായി

2019-20 വർഷം മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ഉപയോഗിച്ച് 33 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ 17 പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 10000133/-രൂപ അടങ്കൽ നിശ്ചയിച്ച് രൂപീകരിച്ച പദ്ധതികൾ മുഖേന 4318617/- രൂപ മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞത്. ആകെ ലഭിച്ച തുകയിൽ 2831383/- രൂപ വിനിയോഗിക്കാൻ കഴിയാതെ ലാപ്സായി. ലഭ്യമാകുന്ന മുഴുവൻ തുകയും യഥാസമയം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-4.5 കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം-ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം മുള്ള കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം

സെൻട്രൽസ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| ICDS | 1718790 | 1896676 | 3615466 | 1071782 | 2543684 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| MNREGS | 6600 | 2181899 | 2188499 | 1581606 | 606893 | പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| ശുചിത്വമിഷൻ | 665640 | 0 | 665640 | 267075 | 398565 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| സമ്പൂർണ്ണശുചിത്വം | 25000 | 0 | 25000 | 14000 | 11000 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| ODF | 1731347 | 0 | 1731347 | 0 | 1731347 | തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു |
| നിർമ്മൽ | 50301 | 0 | 50301 | 0 | 50301 | പ്രത്യേക അക്കൗണ്ടിൽ |

| | | |
|---|---|---|
| പുരസ്കാരം | | സൂക്ഷിച്ചിരിക്കുന്നു |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സർവ്വ ശിക്ഷ അഭിയാൻ | 88576 | 1800000 | 1888576 | 1711424 | 88576 |
| ICDS | 1718790 | 32059502 | 33778292 | 5658734 | 26400768 |
| MNREGS | 6600 | 613493 | 620093 | 606893 | 6600 |
| Panchayat Yuva Krida Ayur Khel Abhiyan | 0 | 1359577 | 1359577 | 681259 | 678318 |
| സ്വച്ഛഭാരതമിഷൻ | 0 | 2463660 | 2463660 | 367075 | 2096585 |
| | 393294 | 6120032 | 6513326 | 1242115 | 4877917 |

Panchayat Yuva Krida Ayur Khel Abhiyan എന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല.

സർവ്വ ശിക്ഷ അഭിയാൻ നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകളെ അടിസ്ഥാനമാക്കിയാൽ 88576/- രൂപയാണ് എന്നാൽ സ്റ്റേറ്റ്മെന്റിൽ 77000/- രൂപയാണ് എന്നാണുള്ളത്.

ICDS കേന്ദ്രവിഹിതം നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകളെ അടിസ്ഥാനമാക്കിയാൽ 28119558/- രൂപയാണ് എന്നാൽ സ്റ്റേറ്റ്മെന്റിൽ 26400768/- രൂപയാണ് കാണിച്ചിട്ടുള്ളത്.

MNREGS നീക്കിയിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകളെ അടിസ്ഥാനമാക്കിയാൽ 13200/- രൂപയാണ്എന്നാൽ സ്റ്റേറ്റ്മെന്റിൽ 6600/- രൂപ എന്നാണുള്ളത്.

സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം
എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 630000 | 15210969 | 15408969 | 15710969 | 130000 |
| ലിറ്ററസി ഗ്രാന്റ് | 274 | 8 | 282 | 0 | 282 |
| കുടുംബശ്രീ | 1310179 | 0 | 1310179 | 0 | 1310179 |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Special Livestock Breeding Programme | 0 | 2500000 | 2500000 | 625000 | 1875,000 |
| കുടുംബശ്രീ | 0 | 3,31,85,872 | 3,31,85,872 | 19,55,872 | 3,12,30,000 |
| Sanitation Mission | 6,65,640 | 21,50,000 | 2815640 | 0 | 21,50,000 |

Special Livestock Breeding Programme എന്നത് പദ്ധതിയ്ക്കായി ലഭിക്കുന്ന സംസ്ഥാന വിഹിതമാണ്. ഇത് പഞ്ചായത്തിന്റെ അക്കൌണ്ടിൽ വരുന്ന സംസ്ഥാനാവിഷ്കൃത ഫണ്ട് അല്ല.

സാനിട്ടേഷൻ മിഷൻ എന്നതിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമല്ല. നീക്കിയിരിപ്പ്ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകളെ അടിസ്ഥാനമാക്കിയാൽ 28,15,640/- രൂപയാണ് എന്നാൽ സ്റ്റേറ്റ്മെന്റിൽ 21,50,000/- രൂപ എന്നാണുള്ളത്

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 211 | 184989959 | 85 | 88454304 | 32 | 94 | 40.28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6600 | 2181899 | 2188499 | 1581606 | 606893 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 42159791 | 42159791 | 42159791 | |

## 1-7 ക്ഷേമപെൻഷൻ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 201240 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 3150600 | 911 |
| വിധവാപെൻഷൻ | 6409800 | 1891 |
| വാർദ്ധക്യകാലപെൻഷൻ | 10199100 | 3028 |
| വികലാംഗപെൻഷന് | 2272500 | 632 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 206400 | 62 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 56,334/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുണ്ട്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്. ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ഔട്ട് ഡോർ കളക്ഷനായി ഉപയോഗിക്കുന്ന മാന്വൽ രസീതു ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നതിൽ

വീഴ്ചവരുത്തിയിട്ടുണ്ട്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.ട്രേഡേഴ്സിന്റെ തൊഴിൽ നികുതി കളക്ഷൻ തന്നെ ഡിമാന്റായി കണക്കാക്കുന്നു. കുടിശ്ശികയായി കിട്ടാനുള്ള തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിക്കുന്നില്ല. കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംയുക്ത പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ വാർഷിക ധനകാര്യ പത്രിക സുലേഖ പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകുന്നുവെങ്കിലും, കൃത്യമായിമേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉത്തരവാദിത്തം നിർവഹിക്കുന്നതിൽ വീഴ്ചവരുത്തുന്നുണ്ട്. ആയതിനാൽ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്.
വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്ററർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്ടിവിറ്റി പ്ലാൻ കാലികമല്ല.

ഫ്രണ്ട്ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ ഫ്രണ്ട്ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള യോഗങ്ങൾ ഒന്നും തന്നെ കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര് എന്നീ വിവരങ്ങളോടൊപ്പം സേവനത്തിന്റെ സ്വഭാവം,സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 2019-20 കാലയളവിലെ ഓഡിറ്റ് നിർവഹണം നടത്തിയിട്ടുണ്ട്. ശ്രദ്ധേയമായ അപാകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

## 1-11 ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ

കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി റിട്ടേൺ ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഡി&ഒ രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല. അടിയന്തിരമായി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ആയത് പ്രകാരം വ്യാപാരികളിൽ നിന്ന് റിട്ടേൺ ആവശ്യപ്പെടേണ്ടതും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

<u>1-12 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും 115868/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.</u>

പി.എച്ച്.സി ക്ക് മരുന്ന വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി K.M.S.C.L -യിൽ അടവാക്കിയ 5,00,000/- രൂപയിൽ 1,15,868/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ ഇൻവോയ്സ് നം./തീയതി തുക | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 25/2019-2020 മെയിന്റനൻസ് ഫണ്ട്, (റോഡിതരം) | 5,00,000/- | ബിൽ .നം 3/30.08.2019 | PRF 524 തീയതി.25.07.2019 5,00,000/- | 3,84,132/- | 115868/-രൂപ |

115868/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നതനുസരിച്ച് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

<u>1-13 തുക കൈമാറി ഒരു വർഷം കഴിഞ്ഞിട്ടും പ്രിന്റർ ലഭ്യമായിട്ടില്ല.</u>

തഴവഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി. സെക്ഷനിലേയ്ക്ക് കംമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും, ഫർണ്ണിച്ചറും വാങ്ങൽ (എസ്.ഒ. 232/2020)എന്ന പദ്ധതിയ്ക്കായി

മെയിന്റനൻസ് ഫണ്ട് (റോഡിതരം) 100000/- രൂപ വകയിരുത്തുകയും ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിന് 1/1/27.5.2019 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ ഉപകരണങ്ങൾ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയിൽ ചെലവ് വിവരം, വാങ്ങിയ ഇനം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു

ബിൽ നമ്പർ 31/19-20 തീയതി 27.02.2020 -14851/-

ബിൽ നമ്പർ 32/19-20 തീയതി. 27.02.2020 -5198/-

ബിൽ നമ്പർ 15/19-20 തീയതി. 8.09.2019- 76484/-

ടി പദ്ധതിയിൽ താഴെ പറയുന്ന ഇനങ്ങൾ കെൽട്രോണിൽ നിന്നും വാങ്ങിയിരിക്കുന്നു.

(1) A4-Monochrome Network Laser Printer 10090/-(Including GST)

(2) Desktop Type -1 Processor Intel (R) 2nos.@26788.62 (18%GST)

53577.24/-

(3)Monitor Windows10Home 1071.54*2nos -2143.08/-

(4) Computer 2nos -65750/- (18%GST)

മേൽ സൂചിപ്പിച്ച ഇനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമായിട്ടില്ല.

മറ്റൊരു ഇനമായ Printer Cum Scanner ന് 16.01.2020 ൽ ലഭിച്ച പ്രൊഫോർമാ ഇൻവോയിസ് നമ്പർ 14062 തീയതി 16.01.2020 ന്റെ അടിസ്ഥാനത്തിൽ 14851/-രൂപ കെൽട്രോണിന് അക്കൗണ്ട് നമ്പർ 799011400003959 ലേയ്ക്ക് നൽകിയിട്ടുണ്ട്. ടി പ്രിന്റർ നാളിതുവരെ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. 16.01.2020 ൽ കാഷ് അടച്ചിട്ടും നാളിതുവരെ പ്രിന്റർ ലഭ്യമാക്കാത്തതിനുള്ള കാരണം വിശദമാക്കുന്നതിന് എൻക്വയറി നമ്പർ 2/08.03.2021 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. നാളിതുവരെ ലഭിക്കാത്ത പ്രിന്ററിനായി ചെലവഴിച്ച 14851/- രൂപ തടസ്സപ്പെടുത്തുന്നു. പ്രിന്റർ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് തുക നിരാകരിക്കുന്നതാണ്.

<u>1-14 എസ്എസ്.എ വിഹിതം നൽകൽ-വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

<u>പ്രോജക്ട്നമ്പർ - 73/2019</u>

പ്രോജക്ട് : എസ്.എസ്.എ പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ - വികസന ഫണ്ട് (പൊതുവിഭാഗം) - 9,00,000/-രൂപ

ചെലവ് - 9,00,000/- രൂപ

ബിൽനം – 03/19-20 ; 14.08.19

നിർവ്വഹണം : ഹെഡ്മിസ്ട്രസ്

ആറ് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓഡിറ്റ് വർഷം 9,00,000/- രൂപ പിൻവലിച്ച് എസ്.എസ്.എയിൽ അടവാക്കിയിട്ടുണ്ട്. 9,00,000/- രൂപയുടെ കൈപ്പറ്റ് രസീത് ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 18/08/2012ലെ (എം.എസ്.)225/12/ത.സ്വ.ഭ.വ, 16.11.2013 ലെ (എം.എസ്)362/2013/ ത.സ്വ.ഭ.വ എന്നീ നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പദ്ധതി ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം. എന്നാൽ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ അഭിപ്രായങ്ങളോ, ശുപാർശകളോ വിലയിരുത്തിയിട്ടല്ല എസ്.എസ്.എ. പദ്ധതികൾക്കായി തുക അനുവദിച്ചത്.

2) എസ്.എസ്.എ.യുടെ ജില്ല പ്രോഗ്രാം ഓഫീസർ പഞ്ചായത്ത് തലത്തിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക അടങ്ങുന്ന ബഡ്ജറ്റ് വിവരങ്ങൾ തയ്യാറാക്കിയത്, പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ എസ്.എസ്.എ. ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ, ബന്ധപ്പെട്ട വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ട്, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 9,00,000/-രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി - 3/08-03-21

<u>1-15 10-ാം തരം, 12-ാം തരം തുല്യതാ പരീക്ഷകളുടെ രേഖകൾ ഹാജരാക്കിയില്ല</u>

<u>1)പ്രോജക്ട് നം-75/2019</u>

നിർവഹണം-ഹെഡ്മിസ്ട്രസ്സ്

അടങ്കൽ-തനത് ഫണ്ട്-70,000/-രൂപ

ചെലവ്-35,550/-രൂപ

ചെക്ക് നം-5309038/26.08.2019

പ്രോജക്ട് നം-75 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 12 പേർക്ക് 2,500/- രൂപ നിരക്കിൽ 12-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 30,000/- രൂപയും 3 പേർക്ക് 1850/- രൂപ നിരക്കിൽ 10-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 5,550/-രൂപയും ഉൾപ്പെടെ 35,550/- രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

<u>2)പ്രോജക്ട് നം-181/2019(സ്പിൽഓവർ)</u>

നിർവഹണം-ഹെഡ്മിസ്ട്രസ്സ്

അടങ്കൽ-വികസന ഫണ്ട്(പൊതുവിഭാഗം)-50,000/-രൂപ

ചെലവ്-49,700/-രൂപ

ബിൽനം-4/27.08.2019
പ്രോജക്ട് നം-181 പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള 11 പേർക്ക് 2,500/- രൂപ നിരക്കിൽ 12-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 27,500/- രൂപയും 12 പേർക്ക് 1850/- രൂപ നിരക്കിൽ 10-ാം തരം തുല്യതാ കോഴ്സിനുള്ള ഫീസായ 22,200/-രൂപയും ഉൾപ്പെടെ 49,700/-രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്.

പഠിതാക്കളുടെ അപേക്ഷകൾ, രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ, പരിശീലന ക്ളാസ്സുകളുടെ വിവരങ്ങൾ , പരീക്ഷ എഴുതിയതിന്റെ രേഖകൾ , പ്രോജക്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഇരു പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 85,250/- രൂപ തടസ്സപ്പെടുത്തുന്നു . രേഖകൾ ആദ്യമറുപടിയോടൊപ്പം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി-3/08-03-21

<u>1-16 കന്നുകുട്ടി പരിപാലന പദ്ധതി-രേഖകളുടെ അഭാവത്തിൽ 625000/-രൂപ തടസ്സപ്പെടുത്തുന്നു.</u>

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 100 വനിതാ ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്റിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതികൾക്കായി ചവറയിലെ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം- 79901270000180) വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നും താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 77/20 | 01/19-20 30.09.2019 | 6,25,500/- |
| | ആകെ | 6,25,500/- |

ക്ഷീരകർഷകരായ വനിതാ ഗുണഭോക്താക്കളുടെ ആറു മാസത്തിൽ താഴെ പ്രായമുള്ള കന്നുകുട്ടികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, 12,500/-രൂപ സബ്സിഡി അവസാനിക്കുന്നതു വരെയോ തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മണപ്പള്ളി (തെക്ക്) പാവുമ്പ, തഴവ (സെൻട്രൽ) എന്നീ പാലുൽപ്പാദക സംഘങ്ങളെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 30.08.19 ലെ 1 (5) നം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലിത്തീറ്റ വിതരണം ഏൽപ്പിക്കുകയും ചെയ്തു.

എന്നാൽ ഉരുക്കളെ പദ്ധതിയിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ, ഒടുക്കിയ തുകയുടെ നാളിതുവരെയുള്ള വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മൃഗാശുപത്രിയിൽ സൂക്ഷിക്കുന്ന കന്നുകുട്ടി ജനന രജിസ്റ്റർ അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കുന്നില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ നല്കിയ 6,25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റ് അന്വേഷണം വഴി ആവശ്യപ്പെട്ട രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 11/09.03.2021

<u>1-17 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് അനുവദിച്ചതിൽ നാളിതുവരെ ചെലവഴിക്കാത്ത തുക തിരികെ ഒടുക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധം.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ "ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് ഫർണീച്ചറും ഉപകരണങ്ങൾ വാങ്ങൽ" എന്ന പ്രോജക്ട്

12,50,000/- രൂപ അടങ്കൽ വകയിരുത്തി 2019-20 വർഷം നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിരുന്നു (പ്രോജക്റ്റ് നം.275). പ്രസ്തുത പ്രോജക്റ്റിന്റെ ആകെ ചെലവ് തുക 14,122/-രൂപ മാത്രമാണ്.

ഗ്രാമപഞ്ചായത്തിൽ ബഡ്സ് റിസോഴ്സ് സെന്റർ സ്ഥാപിക്കുന്നതിന് കുടുംബശ്രീ ജില്ലാ കോഡിനേറ്റർ 12,50,000/- രൂപ അനുവദിച്ച ഉത്തരവിൽ 8 അടിസ്ഥാന ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനാണ് തുക അനുവദിക്കുന്നതെന്നും അനുവദിച്ച തുക വകമാറ്റി ചെലവഴിക്കാനോ ചെലവഴിക്കാതെ അക്കൗണ്ടിൽ പാർക്ക് ചെയ്യാനോപാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട് (ജില്ലാ മിഷൻ കോഡിനേറ്ററുടെ ഉത്തരവ് നം. 3807/K2/17/KSKLM 18.09.18 കാണുക ).

പ്രോജക്റ്റ് നടത്തിപ്പ് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് ഭരണസമിതിയ്ക്ക് നല്കിയ വിശദീകരണത്തിൽ 2019-20 വർഷത്തേക്ക് തയ്യാറാക്കിയിട്ടുള്ള പ്രോജക്റ്റ് പ്രകാരമുള്ള സാധനങ്ങൾ വാങ്ങിയാൽ നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അവ സൂക്ഷിക്കാനും പ്രവർത്തിപ്പിക്കാനും കഴിയാത്ത അവസ്ഥയാണുള്ളതെന്നും 73.12 സ്ക്വയർ മീറ്റർ സ്ഥലത്ത് 27 ഭിന്നശേഷിക്കാരെ കൂടാതെ ഫർണീച്ചറുകളും അലമാരകളും സ്റ്റഡി മെറ്റീരിയലുകളും പരമാവധി ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചിരുന്നത്. ആയത് അംഗീകരിച്ച്, ലഭ്യമായ സ്ഥലത്ത് ഉപയോഗിക്കാൻ കഴിയുന്ന സാധനങ്ങൾ മാത്രം വാങ്ങുന്നതിന് യോഗം നിർവ്വഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിരുന്നു ( 28.01.20 ലെ അജണ്ട 1 തീരുമാനങ്ങൾ നം. 5, 16). ആയതിനനുസരിച്ച് അത്യാവശ്യമായ സാധനങ്ങളും പഠനസാമഗ്രികളും വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും 14,122/-രൂപ ചെലവ് ചെയ്യുകയും ചെയ്തു.

32 പേർ സ്ഥാപനത്തിൽ എൻറോൾ ചെയ്തിട്ടുണ്ടെന്നും സ്ഥാപനത്തിൽ സ്ഥല പരിമിതിയുണ്ടെന്നും സ്ഥാപനത്തിന്റെ സുഗമമായനടത്തിപ്പിന് കൂടുതൽ സ്ഥലസൗകര്യം ആവശ്യമുള്ളതിനാൽ പുതിയ കെട്ടിട സൗകര്യം ഉണ്ടാകേണ്ടതുണ്ടെന്നും 25.02.20 ലെ യോഗത്തിലും ഭരണസമിതി വിലയിരുത്തിയിട്ടുണ്ട്.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പിന്റെ അടിസ്ഥാന മാനദണ്ഡങ്ങൾ പ്രകാരം എൻറോൾ ചെയ്തിട്ടുള്ള "ഒരു വ്യക്തിക്ക് പെരുമാറുന്നതിന് 30സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിലുള്ള സ്ഥലം" എന്ന വിധത്തിൽ ആകെ വിസ്തൃതിയുള്ള സ്ഥലം അനുവദിക്കേണ്ടതും എർപ്പെടുത്തുന്ന ഓരോ ആക്ടിവിറ്റിക്കും പ്രത്യേകം സ്ഥലം തിരിച്ച് ലഭ്യമാക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ അന്തേവാസികളുടെ എണ്ണം പരിഗണിക്കുമ്പോൾ തന്നെ സ്ഥാപനം സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുകയാണെന്നും കാണുന്നു.

ആയതിനാൽ മേൽ കെട്ടിടത്തിൽ സ്ഥല പരിമിതി ഉണ്ടെന്നിരിക്കെ കൂടുതൽ ഉപകരണങ്ങൾ വാങ്ങി സൂക്ഷിക്കാൻ/ ഉപയോഗിക്കാൻ സൗകര്യം ഇല്ലാത്തപ്പോഴും അനുവദിച്ച തുക തിരികെ ഒടുക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതിനുള്ള കാരണം വിശദീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു (നം.1/2019 തീയതി 06.03.21). ആയതിനുള്ള മറുപടിയിൽ 2020-21 വർഷത്തിൽ സ്ഥാപനത്തിന് അത്യാവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് 61,026/-രൂപ കൂടി ചെലവഴിച്ചിട്ടുണ്ടെന്നും അറിയിച്ചു. 2021-22 സാമ്പത്തിക വർഷത്തിൽ എംഎൽഎ ഫണ്ട് ഉൾപ്പടെയുള്ള തുക സമാഹരിച്ച് ബഡ്സ് റിസോഴ്സ് സെന്ററിനുള്ള സർക്കാർ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കെട്ടിടം പണിയുന്നതിന് ഭരണസമിതി

തത്ത്വത്തിൽ അംഗീകരിച്ചിട്ടുള്ളതിനാൽ ബാക്കി നില്ക്കുന്ന തുക തിരികെ ഒടുക്കേണ്ടതില്ല എന്നാണ് ഭരണസമിതി അറിയിച്ചിട്ടുള്ളതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

ബഡ്സ് റിസോഴ്സ് സെന്ററിന് അനുവദിച്ച തുക ബന്ധപ്പെട്ട ഉത്തരവിൽ ആവശ്യപ്പെട്ടിരിക്കുന്ന ആവശ്യങ്ങൾക്ക് ചെലവഴിച്ച് വിനിയോഗ വിവരം അറിയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതിനാലും തുക ഉപയാഗിക്കാതെ അക്കൗണ്ടിൽ പാർക്ക് ചെയ്യുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാലും 12 ലക്ഷത്തിലധികം രൂപ ഉപയോഗിക്കാതെ തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അഭികാമ്യമല്ല. ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക്കായി ഇത്രയും വലിയ തുക നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ഓഡിററിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കേണ്ടതാണ്.

1-18 മരുന്നുകൾ യഥാസമയം സ്റ്റോക്കിലെടുത്തില്ല.

| | |
|---|---|
| പ്രോജക്റ്റ്/നം | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ-80/20 |
| അടങ്കൽ | 1,00,000/- |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ് | 1,00,000/- |
| ബിൽ നം/തീയതി | 03/20;26.10.2019-8408/- |
| | 04/20;26.10.2019-91592/- |
| നിർവഹണം | സീനിയർ വെറ്റിനറി സർജൻ |

ക്വട്ടേഷൻ നടപടികളിലൂടെ കളീക്കൽ ഏജൻസീസ്, നെക്റ്റർ ലാബ് അസോസിയേറ്റ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ഒരു ലക്ഷം രൂപയുള്ള മരുന്നുകൾ 2019-20 സാമ്പത്തിക വർഷം വാങ്ങിയിട്ടുണ്ട്. എന്നാൽ 24 ഇനം മരുന്നുകളിൽ ഏഴ് എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

വാങ്ങിയ മരുന്നുകളിൽ സ്റ്റോക്കിൽ ഉൾപ്പെടാത്തവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം<br>കളീക്കൽ ഏജൻസീസ് (ഇൻവോയ്സ് നം-4347/12.10.2019) | എണ്ണം | വില |
|---|---|---|---|
| 1 | Avamox Bolus | 100 | 6241 |
| 2 | Ruchamax 15GM | 150 | 2433 |
| 3 | Meloximol Inj100ml | 15 | 816.30 |
| 4 | Inflamin Cream | 150 | 7095.45 |
| 5 | Taktic | 18 | 8437.50 |
| 6 | Taspin MP Bolus | 487 | 9087.42 |
| 7 | Heomec Inj100ml | 5 | 1104.91 |
| 8 | Estrona Fort Bolus | 157 | 7374.29 |
| 9 | Sterdox N Powder 100gm | 20 | 2632.14 |
| 10 | Oxytetracycline Bolus | 200 | 1536 |
| 11 | P-Biotics Vet Bolus | 65 | 2923.70 |
| 12 | Emrodac10Vet Inj100ml | 5 | 311.61 |
| 13 | Oriprin Bolus | 200 | 6696.6 |
| 14 | Zobid N Inj100ml | 15 | 691.07 |

| | | | |
|---|---|---|---|
| | നെക്റ്റർ ലാബ് അസോസിയേറ്റ്സ് (ഇൻവോയ്സ് നം-N1920/1174; 10.10.2019 | | |
| 15 | Enrin TS Bolus | 30 | 955.8 |
| 16 | Enrin 100ml | 20 | 741 |
| 17 | Piparazine | 200 | 4248 |
| | | ആകെ | 63325.79/- |

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് സ്റ്റോക്ക് രജിസ്റ്ററിൽ 19-20 ൽ വാങ്ങിയ മരുന്നുകൾ മാത്രം ഉൾപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കി. 2020-21 ൽ വാങ്ങിയ മരുന്നുകൾ നാളിതുവരെ സ്റ്റോക്ക് എൻട്രി വരുത്തിയിട്ടില്ല. ഇപ്രകാരമുള്ള പ്രവണത വാങ്ങിയ മരുന്നുകൾ യഥാസമയം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതിൽ സംശയം ജനിപ്പിക്കുന്നതാണ്. വാങ്ങുന്ന മരുന്നുകൾ അതാത് സമയം സ്റ്റോക്കിൽ ഉൾപ്പെടുത്തി ഉപയോഗിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നമ്പർ – 11/09.03.2021

## 1-19 തെരുവ് വിളക്കുകളുടെ പരിപാലനത്തിനം- മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നില്ല. .

തെരുവുവിളക്കുകളുടെ പരിപാലനം അടാട്ട് മാതൃകയിൽ നടപ്പിലാക്കുമ്പോൾ പരിപാലിക്കേണ്ടതായിട്ടുള്ള രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്, ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല.

അടാട്ട് മാതൃകയിൽ തെരുവുവിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.08.15 ലെ ജി.2-44274/15 നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചതായിട്ടും കാണുന്നില്ല. തെരുവിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുമ്പോൾ ലഭിക്കുന്ന കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ്' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്ററും' 'സ്റ്റോക്ക് ഔട്ട് രജിസ്റ്ററും' റീകൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള നിർദ്ദേശം പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളിൽ ഏതിനം തെരുവു വിളക്കുകൾ എത്രയെണ്ണം എന്നു കണക്കാക്കിയാണ് കെ എസ് ഇ ബി താരിഫ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയത് യഥാർത്ഥത്തിലുള്ള തെരുവുവിളക്കുകളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.3.12 കാണുക) ഈവിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിച്ചിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലാ നിർവ്വഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകളുടെ പരിപാലനം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്നതിന് സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-20 നിക്ഷേപപ്രവൃത്തികളുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്**

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തി നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിരുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര്, നി.ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം. | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | 141/ചോതിവിള കോളനി കുടിവെള്ള പദ്ധതി/ അസി. സെക്രട്ടറി | 91,000/- വികസന ഫണ്ട് എസ് സിപി | ട്രഷറി ബിൽ നം. 1/141/2019-20 11.10.19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഎച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, കൊല്ലം |

പ്രവൃത്തി പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.4 / 08.03.21 ) നുള്ള മറുപടിയോടൊപ്പം ബന്ധപ്പെട്ട സ്ഥാപനം സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ മേൽ പ്രവൃത്തിക്ക് 84,802/-രൂപ മാത്രം ചെലവായിട്ടുള്ളതായും ബാക്കി 6198/-രൂപ കേരള വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു പ്രവൃത്തിയുടെ വിനിയോഗത്തിനുശേഷം അധികമായ തുക തിരികെ ഈടാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഫണ്ടിലെ ടി തുകതിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-21 കുടുംബശ്രീ മൈക്രോ സംരംഭം-അധിക നിരക്കിൽ സബ്സിഡി നൽകി-21825/- രൂപ നിരാകരിക്കുന്നു.**

| | |
|---|---|
| പ്രോജക്ട് നം | 38/2020 |
| അടങ്കൽ | വികസന ഫണ്ട്(പൊതു വിഭാഗം)-10,07,353/- |
| | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-2,50,000/- |
| | തനതുഫണ്ട്-2,00,000/- |
| | ആകെ-14,57,353/- |
| ചെലവ് | 2,00,000/- |
| ബിൽ നം/തീയതി | 60/20;20.02.2020 |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

അഞ്ച് കുടുംബശ്രീ അംഗങ്ങൾ ചേർന്ന അഞ്ച് ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ നൽകുന്നതിലേയ്ക്കായി ഓരോഗ്രൂപ്പിനും രണ്ടു ലക്ഷം രൂപാ വീതം സബ്സിഡി നൽകാനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 18 നും 60നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ സ്ത്രീകൾ ഉൾപ്പെടുന്നതും ഗ്രേഡിംഗിൽ വിജയിച്ചതും സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ ഗ്രൂപ്പുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം പവിഴം ആക്ടിവിറ്റി ഗ്രൂപ്പ് എന്ന ഏക ഗ്രൂപ്പിനാണ് ആനുകൂല്യം നൽകിയത്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രൂപ്പ് രൂപീകരണത്തിനു ശേഷം ആറു മാസം കഴിഞ്ഞുള്ള ഗ്രേഡിംഗിൽ വിജയിച്ചതിന്റെ രേഖകൾ ആക്ടിവിറ്റി ഗ്രൂപ്പ് ഹാജരാക്കിയിട്ടില്ല.

2) ആക്ടിവിറ്റി ഗ്രൂപ്പ് ഹാജരാക്കിയ കാറ്ററിംഗ് യൂണിറ്റ് അടിസ്ഥാനമാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ ആകെ മൂലധനമായി 3,56,350/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ -സ.ഉ22/18ത.സ്വ.ഭ.വ; തീയതി. 14.02.2018 -ഖണ്ഡിക 6-4(3) പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി മൂലധനത്തിന്റെ 50% അല്ലെങ്കിൽ പരമാവധി 2,00,000/-രൂപയാണ്. ഈ നിബന്ധന മറികടന്നാണ് 1,78,175/-രൂപ മാത്രം അനുവദിക്കേണ്ട സ്ഥാനത്ത് 2,00,000/-രൂപ അനുവദിച്ചു നൽകിയത്.

3)ഇതേ മാർഗ്ഗരേഖയിൽ സബ്സിഡി തുക ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 26.11.19ൽ കാനറാ ബാങ്കിന്റെ തഴവ ശാഖയിൽ നിന്നും സംഘം 50,000/-രൂപ വായ്പയെടുക്കുകയും വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കുന്നതിനു മുൻപേ 28.02.2020ൽ 2 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തു. 07.03.2020ൽ സബ്സിഡി തുക പിൻവലിച്ച് ബാങ്ക് ലോൺ ക്ളോസു ചെയ്തു. 60 മാസം റീ പേയ്മെന്റ് കാലാവധിയുള്ള ലോൺ അടവാക്കിത്തീർത്ത ശേഷം മാത്രം റിലീസ് ചെയ്തു നൽകേണ്ട സബ്സിഡി മൂന്ന് മാസത്തിനകം തന്നെ ബാങ്ക് നൽകി.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി രൂപീകരണത്തിൽ സംഭവിച്ച പിഴവ് ആണെന്നും പരിചയക്കുറവും അറിവില്ലായ്മയും കൊണ്ടുണ്ടായ അപാകതയാണെന്നും പറയുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ബാങ്കിൽ നിന്നും അധികമായി കുടുംബശ്രീ ഗ്രൂപ്പിന് ലഭിച്ച സബ്സിഡി തുകയായ 21,825/- രൂപ ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 08/2021; 09.03.2021

## <u>1-22 പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 8,48,476/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റി, പി ഡബ്ള്യുഡി എന്നീ സ്ഥാപനങ്ങളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം.,പേര്, നി.ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം. | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | 249/ അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ / സെക്രട്ടറി | 1)250,000/- ധനകാര്യ കമ്മീഷൻ അവാർഡ്<br>2) 18476/- തനത് ഫണ്ട് | ട്രഷറി ബിൽ നം. 3345/16.10.19<br>ചെക്ക് നം. 036745/29.04.19 | ഇഇ, പിഎച്ച് ഡിവിഷൻ കേരള വാട്ടർ അതോറിറ്റി കൊല്ലം<br>എഎക്സ്ഇ, പിഎച്ച്ഡിവിഷൻ, ചവറ |
| 2 | 183/ 80-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം /സെക്രട്ടറി | 1) 348,000/- ധനകാര്യ കമ്മീഷൻ അവാർഡ്<br>2) 232,000/- ജില്ലാ പഞ്ചായത്ത് വിഹിതം | ട്രഷറി ബിൽ നമ്പർ .3349/16.10.19<br>ചെക്ക്നം. .2174339/21.10.19<br>(ട്രഷറി സ്പെഷ്യൽ ടിഎസ് ബി ജോയിന്റ് വെന്ച്വർ അക്കൗണ്ട്) | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി<br>ബിൽഡിംഗ് സെക്ഷൻ, കൊല്ലം<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി |

| | | | | |
|---|---|---|---|---|
| | | | | ബിൽഡിംഗ് സെക്ഷൻ, കൊല്ലം |
| | ആകെ തുക | 8,48,476/- | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 4/08.03.21), ആയവ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 8,48,476/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-23 പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 116,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു</u>

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം., പേര്, നി. ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം. | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | 269/ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ വലിക്കൽ/ സെക്രട്ടറി | 116,000/- ധനകാര്യ കമ്മീഷൻ അവാർഡ് | ട്രഷറിബിൽ നം.19020/ 16.10.19 | കെഎസ് സിബി, ഇലക്ട്രിക്കൽ സെക്ഷൻ, മണപ്പള്ളി |
| | ആകെ തുക | 116,000/- | | |

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബില്ലിന്റെ പകർപ്പ്, തുകയുടെ വിനിയോഗ വിവരം എന്നിവ പരിശോധയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 4/08.03.21), ആയവ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 116,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-23-1 നിക്ഷേപപ്രവൃത്തിയുടെ നിർവ്വഹണത്തിന് അധികമായി നല്കിയ തുക തിരികെ ഈടാക്കേണ്ടതാണ്</u>

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി പി ഡബ്ള്യു ഡി യിൽ തുക നിക്ഷേപിച്ചിരുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര്, നി.ഉദ്യോഗസ്ഥൻ | ചെലവ് തുക (രൂപ) ഫണ്ട് ഇനം | ബിൽ നം./ ചെക്ക് നം. | സ്ഥാപനം/കുറിപ്പുകൾ |
|---|---|---|---|---|
| 1 | 268/തഴവ പിഎച്ച് സി പഴയകെട്ടിടം റീ വയറിംഗ്/ സെക്രട്ടറി | 254,000/- ധനകാര്യ | 4450/ 16.10.19 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഡബ്ള്യുഡി ഇലക്ട്രിക്കൽ ഡിവിഷൻ, തിരുവനന്തപുരം |

| | | | | |
|---|---|---|---|---|
| | | കമ്മീഷൻ അവാർഡ് | | |

പ്രവൃത്തികളുടെ പൂർത്തീകരണം, തുകയുടെ വിനിയോഗം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.4 / 08.03.21 ) നുള്ള മറുപടിയോടൊപ്പം ബന്ധപ്പെട്ട സ്ഥാപനം സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയത് പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിക്ക് നിക്ഷേപിച്ച 2,54,000/-രൂപയിൽ 2,42,660/- മാത്രം വിനിയോഗിച്ചതായും ബാക്കി തുകയായ 11,340/- രൂപ പിഡബ്ള്യൂഡി യുടെ അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നതായും കാണുന്നു. പ്രവൃത്തിയുടെ വിനിയോഗത്തിനുശേഷം അധികമായ തുക തിരികെ ഈടാക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഫണ്ടിലെ മേൽ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

<u>1-24 വനിതകൾക്ക് യോഗ പരിശീലനം-പദ്ധതി നടപ്പിലാക്കുന്നതിൽ വീഴ്ച</u>

പ്രോജക്റ്റ് നമ്പർ-S00157/20

അടങ്കൽ - 107600/- രൂപ ( വികസന ഫണ്ട്-102182/-, തനത് ഫണ്ട്-5418/-)

ചെലവ് - 29600/-രൂപ

പഞ്ചായത്തിലെ വനിതകൾക്ക് യോഗ പരിശീലനം നല്കുന്നതിനായി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ സ്പിൽ ഓവർ പദ്ധതി പ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ യഥാക്രമം 19, 13, 12 ദിവസങ്ങളിൽ പരിശീലന ക്ലാസുകൾ നടത്തിയതിന് ബിൽ നമ്പർ 3/19-20 പ്രകാരം 4800 /- രൂപ, ബിൽ നമ്പർ 2/19-20 പ്രകാരം 17200 /-രൂപ, ബിൽ നമ്പർ /19-20 പ്രകാരം 7200 /- രൂപ ആകെ 29600/- രൂപ പ്രതിഫലം നല്കിയിട്ടുണ്ട്. തുടർന്ന് ക്ലാസുകൾ നടത്തിയിട്ടില്ല. 25.06.2019 ൽ മെഡിക്കൽ ഓഫീസർ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ നിലവിൽ ക്ലാസുകൾ നടത്തുന്ന സ്കൂളിൽ ക്ലാസുകൾ നടത്തുന്നതിന് അസൗകര്യം ഉണ്ടെന്നും പകരം സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നും അറിയിച്ചിരുന്നു. എന്നാൽ തുടർന്ന് യാതൊരു നടപടിയും കൈകൊണ്ടിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിൽ ധാരാളം സ്ഥാപനങ്ങൾ ഉണ്ടായിരുന്നിട്ടും കേവലം ഒരു മണിക്കൂർ ക്ലാസ് നടത്തുന്നതിന് സ്ഥലം കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് പഞ്ചായത്തിലെ അധികാരികളുടേയും നിർവ്വഹണോദ്യോഗസ്ഥന്റെയും ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്. പരിശീലനാർത്ഥികൾ ധാരാളം ഉണ്ടായിരുന്നിട്ടും അവർക്ക് പ്രയോജനം ഉണ്ടാകാത്ത തരത്തിൽ പദ്ധതി വിഹിതം പാഴാക്കുകയാണ് ചെയ്തത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ യോഗ ഇൻസ്ട്രക്ടറുടെ അസൌകര്യം, നടത്തുന്ന സ്കൂളിൽ അസൌകര്യം, മെഡിക്കൽ ഓഫീസറുടെ സ്ഥലം മാറ്റം എന്നിവ കാരണമാണ് വീഴ്ച പറ്റിയതെന്നും മേലിൽ ഇത്തരത്തിലുള്ള വീഴ്ച പറ്റാതെ നോക്കുന്നതാണെന്നും അറിയിച്ചു. പദ്ധതി വിഹിതം പാഴാക്കാതെ പൊതുജനങ്ങൾക്ക് പ്രയോജനം ഉണ്ടാകുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എക്വയറി നമ്പർ – 10/2019-20, 09.03.2021

<u>1-25 സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തു പ്രദേശത്തെ ഗാർഹികേതര കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റേയും വിവരങ്ങൾ നൽകാൻ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഉടമസ്ഥരോട്

ആവശ്യപ്പെടുകയോ ഓഫീസ് ഉത്തരവുപ്രകാരം വിവരശേഖരണത്തിനായി സ്റ്റാഫിനെ നിയോഗിക്കുകയോ വർഷത്തിൽ ഒരു നിശ്ചിതസമയത്ത് മേൽ വിവരം നോട്ടിസ് നൽകി സ്വീകരിക്കുന്നതിന് ചുമതലയുള്ള സ്ഥിരം സംവിധാനമോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിച്ചിട്ടില്ല. ആയതിനാൽ തൊഴിൽനികുതി ഈടാക്കുന്നതിന്റെ കൃത്യത വ്യക്തമല്ല. കളക്ഷൻതന്നെ ഡിമാന്റായി കണക്കാക്കുന്ന രീതിയാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്നത്. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (ബി) പ്രകാരം പഞ്ചായത്തുപ്രദേശത്തെ ഗാർഹികേതരകെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെയും അവരുടെ തൊഴിലിന്റെയും വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി നിർണയിച്ച് ആവശ്യപ്പെടുന്നതിന് സ്ഥാപനരജിസ്റ്റർ പരിപാലിക്കേണ്ടതും കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ 205 (സി)യിൽ പറയുന്ന നോട്ടീസ്നൽകി വിവരങ്ങൾ ശേഖരിച്ച് തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

1) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2019-2020 രണ്ട് അർദ്ധവർഷങ്ങളിലും സ്ഥാപന തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബി.എസ്.എൻ.എൽ, തഴവ |
| 2 | എസ്.എൻ.പബ്ളിക് സ്കൂൾ, പാവുമ്പ |
| 3 | ടി.എം.എം.സെൻട്രൽ സ്കൂൾ, തഴവ |
| 4 | സെന്റ്. ഗ്രിഗോറിയസ് നഴ്സറി സ്കൂൾ, കുതിരപ്പന്തി |
| 5 | സെന്റ്. ഗ്രിഗോറിയസ് സെൻട്രൽ സ്കൂൾ, കുതിരപ്പന്തി |
| 6 | സെന്റ്. മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, തഴവ |
| 7 | ലോർഡ് കൃഷ്ണ സ്കൂൾ, കുതിരപ്പന്തി |
| 8 | സൗമ്യ നഴ്സറി & എൽ .പി.സ്കൂൾ, പാവുമ്പ |

2) ഗ്രാമപഞ്ചായത്ത് പരിധിയിലെ 23 റേഷൻകടകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി - 12/10.03. 21

<u>1-25-1 തൊഴിൽനികുതി ഈടാക്കിയിട്ടില്ല.</u>

1) ലോർഡ് കൃഷ്ണ സ്കൂൾ, കുതിരപ്പന്തി എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി 1260/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരിൽനിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതിയും കരാറുകാരുടെ തൊഴിൽനികുതിയും

ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി – 12/10.03. 21

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 അധിക നിരക്കിൽ സബ്സിഡി നൽകി-21,825/ രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 38/2020 |
| അടങ്കൽ | വികസന ഫണ്ട്(പൊതു വിഭാഗം)-10,07,353/- |
| | ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ-2,50,000/- |
| | തനതുഫണ്ട്-2,00,000/- |
| | ആകെ-14,57,353/- |
| ചെലവ് | 2,00,000/- |
| ബിൽ നം/തീയതി | 60/20;20.02.2020 |
| നിർവഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

അഞ്ച് കുടുംബശ്രീ അംഗങ്ങൾ ചേർന്ന അഞ്ച് ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ നൽകുന്നതിലേയ്ക്കായി ഓരോഗ്രൂപ്പിനും രണ്ടു ലക്ഷം രൂപാ വീതം സബ്സിഡി നൽകാനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 18 നും 60നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ സ്ത്രീകൾ ഉൾപ്പെടുന്നതും ഗ്രേഡിംഗിൽ വിജയിച്ചതും സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ ഗ്രൂപ്പുകളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം പവിഴം ആക്ടിവിറ്റി ഗ്രൂപ്പ് എന്ന ഏക ഗ്രൂപ്പിനാണ് ആനുകൂല്യം നൽകിയത്. പദ്ധതി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രൂപ്പ് രൂപീകരണത്തിനു ശേഷം ആറു മാസം കഴിഞ്ഞുള്ള ഗ്രേഡിംഗിൽ വിജയിച്ചതിന്റെ രേഖകൾ ആക്ടിവിറ്റി ഗ്രൂപ്പ് ഹാജരാക്കിയിട്ടില്ല.

2) ആക്ടിവിറ്റി ഗ്രൂപ്പ് ഹാജരാക്കിയ കാറ്ററിംഗ് യൂണിറ്റ് അടിസ്ഥാനമാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ ആകെ മൂലധനമായി 3,56,350/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങൾക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ -സ.ഉ22/18ത.സ്വ.ഭ.വ; തീയതി. 14.02.2018 – ഖണ്ഡിക 6-4(3) പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി മൂലധനത്തിന്റെ 50% അല്ലെങ്കിൽ പരമാവധി 2,00,000/-രൂപയാണ്. ഈ നിബന്ധന മറികടന്നാണ് 1,78,175/- രൂപ മാത്രം അനുവദിക്കേണ്ട സ്ഥാനത്ത് 2,00,000/-രൂപ അനുവദിച്ചു നൽകിയത്.

3) ഇതേ മാർഗ്ഗരേഖയിൽ സബ്സിഡിതുക ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 26.11.19ൽ കാനറാ ബാങ്കിന്റെ തഴവ ശാഖയിൽ നിന്നും സംഘം 50,000/-രൂപ വായ്പയെടുക്കുകയും വായ്പ പൂർണ്ണമായി തിരിച്ചടയ്ക്കുന്നതിനു മുൻപേ 28.02.2020ൽ 2 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തു. 07.03.2020ൽ സബ്സിഡി തുക പിൻവലിച്ച് ബാങ്ക് ലോൺ ക്ലോസു ചെയ്തു. 60 മാസം റീ പേയ്മെന്റ് കാലാവധിയുള്ള ലോൺ

അടവാക്കിത്തീർത്ത ശേഷം മാത്രം റിലീസ് ചെയ്തു നൽകേണ്ട സബ്സിഡി മൂന്ന് മാസത്തിനകം തന്നെ ബാങ്ക് നൽകി.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി രൂപീകരണത്തിൽ സംഭവിച്ച പിഴവ് ആണെന്നും പരിചയക്കുറവും അറിവില്ലായ്മയും കൊണ്ടുണ്ടായ അപാകതയാണെന്നും പറയുന്നു. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. ബാങ്കിൽ നിന്നും അധികമായി കുടുംബശ്രീ ഗ്രൂപ്പിന് ലഭിച്ച സബ്സിഡി തുകയായ 21,825/- രൂപ ഗ്രൂപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എൻക്വയറി നം - 08/2021; 09.03.2021

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 08-03-2021 & 09-03-2021 | കെ.എസ്.എ-കെ.എൽ.എം./പി- |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 3,40,000 | ലൈഫ്ഭവനപദ്ധതി-ജനറൽ | 3,40,000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2,32,000 | 82-ാം നമ്പർ അങ്കണവാടി നിർമ്മാണം | 2,32,000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 2,32,000 | 78-ാം നമ്പർ അങ്കണവാടി നിർമ്മാണം | 2,32,000 | 0 |
| ജില്ലാപഞ്ചായത്ത | 2019-20 | 200000 | അനുപൂരക പോഷകാഹാരം | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 1,07,423 | സമഗ്രനെൽകൃഷി വികസനം | 1,07,423 | 0 |
| ജില്ലാപഞ്ചായത്ത് | 2019-2020 | 8,00,000 | പാലിന് സബ്സിഡി | 8,00,000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-2020 | 10,20,000 | ലൈഫ് പാർപ്പിടപദ്ധതി-ജനറൽ | 10,20,000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-2020 | 6,20,000 | ലൈഫ് പാർപ്പിടപദ്ധതി-എസ് .സി. | 6,20,000 | 0 |
| ആകെ | | 35,51,423 | - | 35,51,423 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 28,20,000 | ലൈഫ് | 28,20,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാർപ്പിടപദ്ധതി-ജനറൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 2,00,286 | സമഗ്രനെൽകൃഷി വികസനം | 2,00,286 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 5,60,000 | ലൈഫ് പാർപ്പിടപദ്ധതി-എസ് .സി. | 5,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 3,00,000 | അനുപൂരക പോഷകാഹാരം | 3,00,000 | 0 |
| ആകെ | | 38,80,286 | - | 38,80,286 | 0 |

<u>കുറിപ്പ്:-</u>

സംയുക്ത പ്രോജക്റ്റുകൾക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 38,80,286/- രൂപ ചെലവുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 37,80,286/- രൂപയാണ്. 1,00,000/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയിട്ടില്ല. ആയത് വാർഷിക ധനകാര്യപത്രികയുടെ അപാകതയായി ഉൾപ്പെടുത്തിയിട്ടുള്ളതാണ് .

## <u>4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ</u>

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 13,09,476/-മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ വലിക്കൽ | 19020/ 16/10/2019 | 116000/- | 0 | 116000/- |
| വാട്ടർ അതോറിറ്റി | അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ | ബിൽ നമ്പർ 3345/ 16/10/2019 | 250000/- | 0 | 250000/- |
| | | ചെക്ക്-036745/ 29/04/2019 | 18476/- | 0 | 18476/- |
| പി ഡബ്ല്യൂ ഡി | അംഗണവാടി കെട്ടിട നിർമ്മാണം | 1)ബിൽ നം.19303/ 16/10/2019 | 348000/- | 0 | 348000/- |
| | | ചെക്ക്-2174339/ 21/10/2019 | 232000/- | 0 | 232000/- |
| വാട്ടർ അതോറിറ്റി | ചോതിവിള കോളനി കുടിവെള്ള പദ്ധതി | ബിൽ. 1/141/2019-20 11-10-2019 | 91000/- | 91000/- | 0 |
| പിഡബ്ല്യൂഡി, ഇലക്ട്രിക്കൽ വിങ്ങ് | തഴവ പി എച്ച് സി പഴയകെട്ടിടം റീ വയറിംഗ്(സി എഫ് സി) | ബിൽ നം. 178/ 15-10-2019 | 254000/- | 254000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,79,80,000/-രൂപ വരവുണ്ട്. മുൻബാക്കി 33,213/- രൂപയടക്കം 1,80,13,213/- രൂപയിൽ 1,63,82,647/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്മിഷൻ ഭവനനിർമ്മാണം | 6105/2019 Dated 01/08/2019 | 1,79,80,000 | 2,29,72,213 | 21,61,765 | ----- | 3,87,90,448 |
| ഇ.എം.എസ് | ----- | ----- | 1,000 | 1,000 | ----- | 0 |

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30,348/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-2 | 22768 | ശോഭനകുമാരി, എച്ച്. എം. | 119020105172/ 13/12/2019 |
| 2016-17 | 2-3 | 850 | കണ്ടസ്വാമി, മെഡിക്കൽ ഓഫീസർ | 119020100668/ 21/05/2019 |
| | | 850 | ഉദയകുമാർ, മെഡിക്കൽ ഓഫീസർ | 119020100669/ 21/05/2019 |
| 2017-18 | 2-2 | 870 | ശ്രീഷാനവാസ്, സെക്രട്ടറി | 119020100170 29/06/2019 |
| 2017-18 | 2-2 | 2522 | ശ്രീഷാനവാസ്, സെക്രട്ടറി | 119020101515/ 23/07/2019 |
| 2018-19 | 3-17 | 2488 | ജോൺ ഗ്രീക്ക്, അസി. സെക്രട്ടറി | 119020106228/ 28/02/2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കി വരുന്നു. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർ ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹13,58,15,431/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹10,69,97,655/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹21,825/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹25,73,497/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 21,825/-രൂപ | ശ്രീ . ചന്ദ്രപ്പൻ.വി (വി.ഇ.ഒ)<br>വി.സി.ഭവനം<br>തഴവ പി.ഒ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-13 | 14851 | | ശ്രീ. ചന്ദ്രദാസ്.<br>അസി.എഞ്ചിനീയർ. |
| 1-14 | 9,00,000/- | | ശ്രീമതി ബീന,<br>ഹെഡ്മിസ്ട്രസ് |
| 1-15 | 85,250/- | | ശ്രീമതി ബീന,<br>ഹെഡ്മിസ്ട്രസ് |
| 1-16 | 6,25,000/- | | ഡോ.പ്രമോദ്,<br>വെറ്ററിനറി സർജൻ |
| 1-22 | 8,32,396/- | 8,30,000/- | ശ്രീ . ജനചന്ദ്രൻ. സി,<br>സെക്രട്ടറി |
| | | 18,476/- | ശ്രീ . ഷാനവാസ് .എ |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 1-23 | 1,16,000/- | | ശ്രീ . ജനചന്ദ്രൻ .സി,<br>സെക്രട്ടറി |
| ആകെ | 25,73,497/- | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ . ജനചന്ദ്രൻ. സി,<br>സെക്രട്ടറി | സെക്രട്ടറി,<br>കുലശേഖരപുരം,<br>ഗ്രാമപഞ്ചായത്ത് | പുത്തൻ പറമ്പിൽ,<br>പുത്തൻകുളം,<br>കുലശേഖരപുരം, |
| ശ്രീ . ഷാനവാസ് . എ<br>സെക്രട്ടറി | വിരമിച്ചു | പൈവേലിൽ,<br>ഇടക്കുളങ്ങര പി . ഒ. |
| ശ്രീമതി ബീന,<br>ഹെഡ്മിസ്ട്രസ് | വിരമിച്ചു | വൃന്ദാവനം,<br>കല്ലേലിഭാഗം |
| ഡോ.പ്രമോദ്,<br>വെറ്ററിനറി സർജൻ | ഗ്രാമപഞ്ചായത്ത് | വടക്കേപുറത്ത് തെക്ക്,<br>മരുന്നർകുളങ്ങര സൗത്ത്,<br>കരുനാഗപ്പള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(2)/2018, 21/4/18 | 1 |
| 2002-2003 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(6)/2018, 21/4/18 | 1 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(7)/2018, 21/4/18 | 11 |
| 2004-2005 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(8)/2018, 21/4/18 | 3 |
| 2005-2006 | കെ.എസ്.എ.-കെ.എൽ.എം./പി 8/379(9)/2018, 21/4/18 | 4 |
| 2006-2007 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 3 |
| 2007-2008 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 5 |
| 2008-2009 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 3 |
| 2009-2010 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 9 |
| 2010-2011& 2011-2012 | കെ.എസ്.എ.-കെ.എൽ.എം./പി.8/725/19, 29.5.19 | 3 |
| 2012-13 & 2013-2014 | കെ.എസ്.എ.-കെ.എൽ.എം./പി2-276/16, 31-3-16 | 6 |
| 2014-2015 | കെ.എസ്.എ.-കെ.എൽ.എം./പി2-1010/16, 2-7-16 | 19 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി2-53/17, 3-2-17 | 9 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17, 21-10-17 | 15 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി8/1806/17, 21-10-17 | 28 |
| 2018-19 | നം.കെ.എസ്.എ.-കെ.എൽ.എം./പി8/1017/19, 05-09-19 | 27 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തഴവ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>3</u>

<u>അനുബന്ധം 3</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്